(ഡി) തടവുകാർ വ്യായാമത്തിന് ഉപയോഗിച്ചിരുന്ന ഡംബൽസ് പോലുള്ള അലൂമിനിയം മൊന്തയിൽ കോൺക്രീറ്റ് നിറച്ച് നടുവിലൂടെ ഒരു പൈപ്പ് ഘടിപ്പിച്ച സാധനം, പയർ വർഗ്ഗങ്ങളും മറ്റും പടർത്തുവാൻ ഉപയോഗിച്ചിരുന്ന കയറിന്റെ കഷണങ്ങൾ, പെറിയ കമ്പി തുണ്ടുകൾ, പൈപ്പിന്റെ പഴകിയ കഷണങ്ങൾ, ചട്ടുകത്തിന്റെ പഴകിയ കഷണങ്ങൾ തുടങ്ങിയവയാണ് കണ്ടെടുത്തത്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

*5 [278] ശ്രീ. കെ. എ. ചന്ദ്രൻ:

" ഇ. എം. അഗസ്തി:

" എം. പി. ഗംഗാധരൻ:

" ഡി. സുഗതൻ:

" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഏതെങ്കിലും വിദേശ രാഷ്ട്രങ്ങളുടെ സാങ്കേതികമോ സാമ്പത്തികമോ ആയ സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിനുവേണ്ടി ഏതെങ്കിലും വിദേശ രാഷ്ട്രങ്ങളെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഇല്ല.

(ബി) സമീപിച്ചിട്ടില്ല.

മെഡിക്കൽ കോളേജുകളുടെ വികസനത്തിന് പദ്ധതികൾ

*6 [279] ശ്രീ. രാജു എബ്രഹാം:

" കെ. രാധാകൃഷ്ണൻ:

" പിരപ്പൻകോട് മുരളി:

" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിനും മെഡിക്കൽ കോളേജുകളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രോമാകെയർ സെന്ററിന്റെ വികസനത്തിനുവേണ്ടി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ലാബ് കോപ്ലെക്സ് പണിയാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ ആന്റ് ബി) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി 34 കോടി 40 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 16 കോടി 10 ലക്ഷം രൂപ മൂലധന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കുക, മുള്ളുകുന്നത്തുകാവിലെ 400 കിടക്കകളുള്ള ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിച്ച് ടൗൺ ആശുപത്രി മുള്ളുകുന്നത്തുകാവിലേക്ക് മാറ്റുക, കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോ തൊറാസിക് ബ്ലോക്ക്, ഗൈനക്കോളജിക്കുവേണ്ടിയുള്ള പ്രത്യേക ബ്ലോക്ക് പൂർത്തിയാക്കുക, തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ട്രോമാകെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കുക എന്നീ വികസന പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജുകളിലെ രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 4.17 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇതിന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.† മെഡിക്കൽ കോളേജുകളിലെ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടെലി മെഡിസിൻ പദ്ധതി പ്രാവർത്തികമാക്കിവരുന്നു. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി ഇവ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണബോർഡിന്റെ പരിഗണനയിലാണ്. മെഡിക്കൽ കോളേജുകളിലെ രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിന് 1.50 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) ഉണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ട്രോമാകെയർ സെന്റർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സെന്റർ നവീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിൽ കോഴിക്കോട് മെഡിക്കൽ കോളേജിന് 1 കോടി 42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1 കോടി 75 ലക്ഷം രൂപ മുടക്കി ട്രോമാകെയർ സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ലാബ് കോംപ്ലെക്സ് പണിയാനുള്ള പദ്ധതി പ്രാരംഭ ദശയിലാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കൂടിയാലോചനകൾ നടന്നുവരുന്നു.

(ഇ) ഈ പദ്ധതി സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിവരികയാണ്.

ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നടപടികൾ

*7 [280] ശ്രീ. ടി. പി. രാമകൃഷ്ണൻ:

" വി. ചെന്താമരാക്ഷൻ:

" എ. സി. മൊയ്തീൻ:

" സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ മാലിന്യനിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സമയപരിധി നിർദ്ദേശിച്ചിരുന്നുവോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളടക്കമുള്ള സർക്കാർ ആശുപത്രികളിൽ നിന്നും പുറംതള്ളുന്ന മുറിച്ചുമാറ്റപ്പെട്ട മനുഷ്യാവയവങ്ങൾ അടക്കമുള്ള മാലിന്യങ്ങൾ ആശുപത്രി പരിസരത്ത് കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) മാലിന്യ നിർമ്മാർജ്ജനത്തിനായി വാങ്ങിയ ഇൻസിനറേറ്ററുകൾ ഉപയോഗിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ അവ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) സംസ്ഥാനത്തെ ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് കുറ്റമറ്റ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള ആശുപത്രികളിൽ 1998-ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ് പ്രകാരം ഏർപ്പെടുത്തേണ്ട മാലിന്യ-ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന പരിപാടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിവരുന്നു. ടി റൂൾസ് പ്രകാരം ബോർഡിന്റെ താൽക്കാലിക ഓതറൈസേഷൻ ആശുപത്രികൾക്ക് നൽകുന്നു. പല സ്വകാര്യ ആശുപത്രികളിലും മാലിന്യ സംസ്കരണ

LIBRARY ARCHIVES Kerala Legislative Assembly